# 8

# പ്രാർത്ഥന മൂലമുള്ള ആരാധന

ഒരർത്ഥത്തിൽ പ്രാർത്ഥന മൂലം നമുക്ക് ദൈവവുമായി അടുത്ത ബന്ധം പുലർത്തുവാൻ കഴിയുന്നു, കാരണം പ്രാർത്ഥനയിൽ, നമ്മുടെ ആന്തരികവികാരങ്ങളെയെല്ലാം പ്രകടിപ്പിക്കുവാനും ആത്മാവിനെ ദാരിദ്ര്യാവസ്ഥയിലേക്ക് കൊണ്ടുവരുവാനും കഴിയും. പ്രാർത്ഥന മുഖാന്തരം, ദൈവസന്നിധിയിൽ അവനോട് നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട് ഹൃദയത്തിലുള്ളതെല്ലാം ആശയവിനിമയം നടത്താം. പ്രാർത്ഥനയിൽ നമുക്ക് "സകലവും" (ഫിലിപ്പിയർ 4:6) ഉൾപ്പെടുത്താം, കാരണം ദൈവത്തിന് ഒന്നും നിസാരമല്ല.

ദൈവത്തിൽനിന്നു സഹായം ലഭിക്കേണ്ട ആവശ്യങ്ങളായിരിക്കാം ഒരുപക്ഷെ നമ്മുടെ പ്രാർത്ഥനയിൽ അധികവും ഉള്ളത്. പ്രാർത്ഥനയോടുള്ള അത്തരം സമീപനം പരിമിതപ്പെടുത്തുന്നതാണ്. നമ്മുടെ പ്രാർത്ഥനയിൽ, സ്തോത്രവും, പുകഴ്ച്ചയും, ദൈവത്തോടു പങ്കിടുവാനുള്ള പല ചിന്തകളും ഉൾപ്പെടുത്താം. വിഷയത്തിന് പരിമിതിയില്ല. നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളെ കുറിച്ചും ദൈവത്തിന് വിചാരമുണ്ട്: നമ്മുടെ പരാജയങ്ങൾ, വിജയങ്ങൾ, കുഴപ്പങ്ങൾ, സന്തോഷിപ്പാനുള്ള കാരണങ്ങൾ തുടങ്ങിയവ.

നാം പ്രാർത്ഥിക്കുമ്പോൾ, താഴെ കൊടുത്തിരിക്കുന്നവ തിരിച്ചറിയുക:

1. ദൈവം നമ്മെ തന്റെ സന്നിധിയിൽ ചെന്ന് അവനോട് ആശയവിനിമയം നടത്തുവാൻ ആഗ്രഹിച്ച് ക്ഷണിക്കുന്നു (മത്തായി 7:7; എബ്രായർ 4:16).
2. ആത്മാവ് നമ്മെ സഹായിക്കും (റോമർ 8:26, 27).
3. നമ്മുടെ ആവശ്യങ്ങളോട് പ്രതികരിക്കുന്ന സർവ്വ-ശക്തനാണ് ദൈവം (എഫെസ്യർ 3:20).
4. നമ്മുടെ ആന്തരിക വികാരങ്ങളും, ആഗ്രഹങ്ങളും അഭിലാഷങ്ങളും ദൈവത്തോട് അറിയിക്കുവാനുള്ള ഒരു ആവശ്യം നമ്മിൽ ഉണ്ട് (ഫിലിപ്പിയർ 4:6).
5. നമ്മുടെ ദൈനന്തിനാവശ്യങ്ങൾ നിറവേറ്റുവാൻ നാം ദൈവത്തിൽ ആശ്രയിക്കണം (ഫിലിപ്പിയർ 4:19).
6. നാം പൂർണ്ണമായും തുറന്നിരിക്കണം, കാരണം ദൈവത്തിന് എല്ലാം തുറന്നിരിക്കുകയാണ് (ഫിലിപ്പിയർ 4:13).
7. സർവ്വശക്തന്റെ മുൻപിൽ നാം അയോഗ്യരാണ്, എങ്കിലും, യേശുവിന്റെ മദ്ധ്യസ്ഥത മൂലം നമുക്ക് ദൈവത്തെ സമീപിക്കാം (എബ്രായർ 4:14, 15).
8. ശ്രദ്ധിപ്പാനും ഉത്തരം നൽകുവാനും ദൈവം സന്നദ്ധനാണ് (1 പത്രൊസ് 3:12).

ദൈവത്തെ അറിഞ്ഞ് അവനുമായി അടുത്ത ബന്ധം പുലർത്തുന്നവരുടെ പ്രാർത്ഥന അവൻ സ്വീകരിക്കുന്നു. പ്രാർത്ഥിക്കുവാൻ ശീലിക്കുന്നത് ദൈവത്തെ അറിയുവാൻ ശ്രമിക്കലാണ്. നാം അവനെ കൂടുതലായി അറിയുവാൻ ശ്രമിക്കുമ്പോൾ, നമുക്ക് എങ്ങനെ അവനോട് കാര്യങ്ങൾ അവതരിപ്പിച്ച് പങ്കിടാമെന്ന് മനസിലാകും. നമ്മുടെ ആന്തരിക വികാരങ്ങൾ മതിയായി പ്രകടിപ്പിക്കുവാൻ നമുക്ക് ഒരിക്കലും കഴിയുകയില്ല, പക്ഷെ നമുക്ക് സഹായം ഉണ്ട്. പരിശുദ്ധാത്മാവ് നമ്മുടെ ദുർബ്ബലതയെ എടുത്ത്, ദൈവത്തിന് മന

സിലാകുന്ന വിധത്തിൽ ദൈവത്തോട് അവതരിപ്പിക്കും (റോമർ 8:26, 27).

## പ്രാർത്ഥന ഒരു ബൈബിൾ വിഷയമാണ്

ബൈബിളിലെ വലിയ വിഷയങ്ങളിൽ ഒന്നാണ് പ്രാർത്ഥന. പഴയനിയമത്തിൽ മുഖ്യമായി ഉപയോഗിച്ച വാക്കുകളിൽ ചിലതു, എബ്രായ ക്രിയയായ *പലാൽ* ("പ്രാർത്ഥിക്കുക"), നാമമായ *ടെഫില്ലാ* ("പ്രാർത്ഥന"). മറ്റൊരു എബ്രായ ക്രിയ *നാഹ്*, അർത്ഥം, "അഭ്യർത്ഥന" എന്നാണ്, അത് തർജിമ ചെയ്തിരിക്കുന്നത് "യാചിക്കുക" "പ്രാർത്ഥിക്കുക" എന്നാണ്. പുതിയനിയമത്തിൽ നാം കാണുന്നത് ഗ്രീക്ക് ക്രിയയായ *പ്രോസെക്കോമായി* ("പ്രാർത്ഥിക്കുക") എന്നും നാമം *പ്രോസെക്കെ* എന്നും അർത്ഥം ("പ്രാർത്ഥന") എന്നുമാണ്.

പഴയനിയമത്തിൽ മുപ്പത്തി-ഒൻപത് പുസ്തകങ്ങളിൽ പതിനെട്ടിലും പുതിയനിയമത്തിൽ ഇരുപത്തി-ഒൻപതു പുസ്തകങ്ങളിൽ എട്ടിലും ഈ വാക്കുകളിൽ ചുരുങ്ങിയത് ഒന്നെങ്കിലും ഉപയോഗിച്ചിട്ടുണ്ട്. മറ്റു പുസ്തകങ്ങളിൽ, "പ്രാർത്ഥിക്കുക" "പ്രാർത്ഥന" എന്നീ വാക്കുകളില്ലെങ്കിലും, അതേ ആശയമുള്ള വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. ദൈവം യിസ്രായേലിനോട് "ചോദിക്കുവാൻ" പറഞ്ഞു (യെഹെസ്കേൽ 36:37). മഴക്കായി ദൈവത്തോട് ചോദിക്കുവാനാണ് സെഖര്യാവ് പറഞ്ഞത് (സെഖര്യാവ് 10:1). "പ്രാർത്ഥിക്കുക" എന്ന അർത്ഥത്തിൽ "ചോദിക്കുക" എന്ന വാക്ക് യോഹന്നാൻ ഇടക്കിടക്ക് ഉപയോഗിച്ചിട്ടുണ്ട് (യോഹന്നാൻ 14:13, 14, 16; 15:7, 16; 16:23, 24, 26; 1 യോഹന്നാൻ 3:22; 5:14-16).

## യേശുവിന്റെ പ്രാർത്ഥനകൾ

പ്രാർത്ഥനക്ക് യേശു ചെലവിട്ട സമയം യേശുവിന്റെ ജീവിതത്തിൽ നിർണ്ണായകമായി ശ്രദ്ധിക്കപ്പെടുന്നതാണ്. മറ്റു സുവിശേഷ വിവരണങ്ങളേക്കാൾ കൂടുതൽ അവന്റെ പ്രാർത്ഥനകളെ പറ്റി പറഞ്ഞിരിക്കുന്നത് ലൂക്കൊസിന്റെ വിവരണത്തിലാണ്.പതിനേഴ് പ്രാവശ്യം യേശു പ്രാർത്ഥിച്ചതു രേഖപ്പെടുത്തിയിരിക്കുന്ന ചുരുക്കവിവരണം ഇതാ:

> അവയെ മൂന്നു കൂട്ടങ്ങളായി തരംതിരിക്കാവുന്നതാണ്, (1) തന്റെ ജീവിതത്തിലെ നിർണ്ണായക നിമിഷങ്ങളിലെ പ്രാർത്ഥനകൾ: (എ) അവന്റെ സ്നാനം (ലൂക്കൊസ് 3:21), (ബി) അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കൽ (6:12, 13), (സി) അവൻ മശിഹ ആണെന്ന് ഏറ്റുപറച്ചിൽ (9:18), (ഡി) അവന്റെ മറുരൂപപ്പെടൽ (9:29), (ഇ) ഗദ്ശെമനയിലെ ക്രൂശിന് മുമ്പ് (22:39, 40), (എഫ്) ക്രൂശിൽ (23:46), (2) തന്റെ ശുശ്രൂഷയിലെ പ്രാർത്ഥനകൾ: (എ) യെഹൂദപ്രമാണികളുമായി എതിരിടുന്നതിനു മുമ്പ് (5:16), (ബി) "കർത്താവ് പ്രാർത്ഥിപ്പാൻ" പഠിപ്പിക്കുന്നതിനു മുൻപ് (11:1), (സി) യവനന്മാർ അവന്റെ അടുക്കൽ വന്നപ്പോൾ (യോഹന്നാൻ 12:7, 8), (ഡി) അയ്യായിരം പേരെ പോഷിപ്പിച്ച ശേഷം (മർക്കൊസ് 6:46). (3) തന്റെ അത്ഭുതങ്ങളിലെ പ്രാർത്ഥനകൾ: (എ) പുരുഷാരത്തെ സൗഖ്യമാക്കിയപ്പോൾ (1:35), (ബി) അയ്യായിരം പേരെ പോഷിപ്പിക്കുന്നതിനു മുൻപ് (6:41), (സി) ഊമനും-കുരുടനും ആയവനെ സൗഖ്യമാക്കിയപ്പോൾ (7:34), ലാസറിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചപ്പോൾ

(യോഹന്നാൻ 11:41). (4) മറ്റുള്ളവർക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ: (എ) പതിനോരുവർക്ക് (17:6-19), (ബി) സഭക്ക് മുഴുവനായും (17:20-26), (സി), തന്നെ ക്രൂശിൽ തറെച്ചവർക്ക് വേണ്ടി (ലൂക്കൊസ് 23:34), പിന്നെ, പത്രൊസിനു വേണ്ടിയും (22:32).[1]

യേശു മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിച്ചുവെങ്കിലും, തന്നെയും പ്രാർത്ഥനയിൽ അവൻ ഉൾപ്പെടുത്തിയിരുന്നു (യോഹന്നാൻ 17:1-26).

അവനോട് ആശയവിനിമയം നടത്തുക എന്നതു ദൈവത്തിനു പ്രാധാന്യമുള്ള കാര്യമായിരുന്നു. "ക്രിസ്തു തന്റെ ഐഹിക കാലത്ത് തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു" (എബ്രായർ 5:7). അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കുന്നതിനു മുൻപ് അവൻ രാത്രി മുഴുവൻ പിതാവിനോട് പ്രാർത്ഥിക്കുകയായിരുന്നു (ലൂക്കൊസ് 6:12-16).

അവൻ സ്വർഗീയ ഭവനത്തിൽനിന്നും, സ്വർഗസ്ഥനായ പിതാവിൽനിന്നും അകന്നു കഴിയുകയായിരുന്നു. തീർച്ചയായും പിതാവുമായുള്ള അടുത്ത ബന്ധവും എപ്പോഴും പിതാവുമായി സംസാരിക്കുവാനുള്ള അവസരവും അവന് താൽകാലികമായി നഷ്ടമായിരുന്നു. ദൈവസാന്നിധ്യം നമുക്ക് മനസിലാക്കുവാൻ കഴിയുന്നതിനപ്പുറം അവനു തീർച്ചയായും കഴിയുമായിരുന്നു. അവന്റെ പ്രാർത്ഥനാ ജീവിതം നമുക്ക് മാതൃകയാണ്.

## പ്രാർത്ഥനയെ കുറിച്ചുള്ള യേശുവിന്റെ ഉപദേശം

യേശു പ്രാർത്ഥിക്കുക മാത്രമല്ല, പ്രാർത്ഥനയെ കുറിച്ച് വലിയ പാഠങ്ങൾ അവൻ പഠിപ്പിച്ചിട്ടുണ്ട്. യേശു പ്രാർത്ഥിച്ചപ്പോൾ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണം എന്ന് ഒരു ശിഷ്യൻ അവനോട് ആവശ്യപ്പെട്ടു. യേശു പലപ്പോഴും താൽപര്യത്തോടെ പ്രാർത്ഥിക്കുന്നതു കണ്ടതുകൊണ്ടാകാം അവനെ ഇതിനു പ്രേരിപ്പിച്ചത് (ലൂക്കൊസ് 11:1). ആ ആവശ്യത്തോടുള്ള പ്രതികരണമായിട്ടാണ് പലപ്പോഴും "കർത്താവിന്റെ പ്രാർത്ഥന" എന്നു വിശേഷിപ്പിക്കുന്ന പ്രാർത്ഥന പഠിപ്പിച്ചത് (ലൂക്കൊസ് 11:2-4; കൂടാതെ മത്തായി 6:9-13 നോക്കുക). അതിന് നല്ല തലവാചകം "മാതൃകാ പ്രാർത്ഥന" എന്നതായിരിക്കും.

നാട്യമില്ലാത്ത ഒരു പ്രാർത്ഥനയായി അതിനെ ചൂണ്ടി കാണിക്കുന്നു. പിതാവിനെ ബഹുമാനത്തോടുകൂടി സംബോധന ചെയ്ത് ആവശ്യമായ ആസന്നമായിരിക്കുന്ന രാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ യേശു പറഞ്ഞു (മത്തായി 4:17; മർക്കൊസ് 1:15; 9:1). അന്നന്നു വേണ്ട ആഹാരത്തിനു വേണ്ടിയും, ക്ഷമിച്ചുകൊണ്ട് ക്ഷമിക്കുവാൻ അപേക്ഷിച്ചും, പരീക്ഷണങ്ങളിൽ അകപ്പെടാതിരിപ്പാനും, ദുഷ്ടനിൽനിന്ന് വിടുവിപ്പാനും അപേക്ഷിക്കുവാൻ അവൻ പഠിപ്പിച്ചു.

ഭാഷ വിപുലമാക്കാതെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നതാണ് ആ പ്രാർത്ഥനയുടെ മനോഹാരിത. അതിനർത്ഥം അതിലെ ഉള്ളടക്കം പൂർണ്ണമാണെന്നല്ല. "ഈ പ്രാർത്ഥന പ്രാർത്ഥിക്കുക" എന്നല്ല യേശു പറഞ്ഞത്, മറിച്ച് അവൻ പറഞ്ഞു, "ഈ വിധത്തിൽ പ്രാ

ർത്ഥിപ്പിൻ; എന്നാണ് (മത്തായി 6:9) അല്ലെങ്കിൽ "ഇതുപോലെ" (കെജെവി). നമ്മുടെ പ്രാർത്ഥനകളിലുണ്ടാകേണ്ട ലാളിത്യമാതൃകയാണ് അതിൽ യേശു നൽകിയത്.

രാത്രി മുഴുവൻ യേശു തന്റെ പിതാവിനോട് പ്രാർത്ഥിച്ചപ്പോൾ അത് ആവർത്തിക്കുകയായിരുന്നില്ല (ലൂക്കൊസ് 6:12). ഫലത്തിൽ "യേശുവിന്റെ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ പ്രാർത്ഥനയിൽ" പോലും ആ പ്രാർത്ഥനയിലെ ഒരു വാക്ക് പോലും ഉൾപ്പെടുത്തിയിട്ടില്ല. പ്രാർത്ഥനയിൽ (യോഹന്നാൻ 17:1–26), പിതാവിനോട് നേരിട്ട്, തനിക്കും, തന്റെ അനുയായികൾക്കും അവരുടെ പരിവർത്തകർക്കും വേണ്ടി പിതാവിനോട് ആശയവിനിമയം നടത്തുകയായിരുന്നു. ഈ പ്രാർത്ഥനയിൽ "മാതൃകാ പ്രാർത്ഥനയിലെ" വാക്കുകൾ ഉൾപ്പെടുന്നില്ലെങ്കിലും, പ്രത്യേക സാഹചര്യം ഇല്ലാതെയും പ്രാർത്ഥിക്കാമെന്ന മാതൃകയാണ് നൽകുന്നത്.

നാം പുറമെ മറ്റുള്ളവരെ കാണിക്കേണ്ടതിനല്ല പ്രാർത്ഥിക്കേണ്ടത് എന്നാണ് യേശു പഠിപ്പിക്കുന്നത്. നാം രഹസ്യമായി പ്രാർത്ഥിക്കുന്നത് മുറിയിൽ കയറി ഏകാന്തമായി ദൈവവുമായിട്ടായിരിക്കണം ആശയവിനിമയം നടത്തേണ്ടത് (മത്തായി 6:5, 6), കൂടാതെ വാക്കുകൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടുമല്ല (മത്തായി 6:7). കൊട്ടിഘോഷിക്കുന്നതും, മനുഷ്യരുടെ മുമ്പിൽ വിളങ്ങേണ്ടതിനു മുഖം വികൃതമാക്കുന്നതും കൈകൾ ചലിപ്പിക്കുന്നതും മനുഷ്യരെ പ്രീതിപ്പെടുത്തിയേക്കാം, പക്ഷെ ദൈവത്തെ പ്രീതിപ്പെടുത്തുന്നതല്ല. അവനെ അത്തരത്തിൽ പ്രീതിപ്പെടുത്തിയാൽ അവൻ സ്വീകരിക്കയുമില്ല. നമ്മുടെ ബലഹീനത നാം തിരിച്ചറിഞ്ഞ് അവനിൽ ആശ്രയിച്ച് സഹായത്തിനായി അപേക്ഷിക്കണം (എബ്രായർ 4:16). അവനിലുള്ള ആശ്രയവും വിശ്വാസവും അവൻ കാണുകയും അനുമോദിക്കയും ചെയ്യും (മത്തായി 8:10; 15:28).

ലഭിക്കേണ്ടതിന് നാം യാചിക്കണം എന്നു യേശു നമ്മെ പഠിപ്പിച്ചിരിക്കുന്നു (മത്തായി 7:7). അർദ്ധരാത്രിയിലാണെങ്കിൽ പോലും വിശന്നു വരുന്ന ഒരു സ്നേഹിതനോട് ഒരാൾ പ്രതികരിക്കുന്നതുപോലെ നമ്മുടെ ആവശ്യങ്ങളോട് ദൈവം പ്രതികരിക്കും (ലൂക്കൊസ് 11:5–13).

പാപക്ഷമാപണത്തിനു വേണ്ടിയും നാം പ്രാർത്ഥിക്കണം. തങ്ങൾ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണെന്നു കരുതാതെ, സ്വയ-നീതീകരണം കൂടാതെ മക്കളുടെ എളിമയുള്ള അപേക്ഷപ്രകാരം അവൻ അത് ക്ഷമിച്ചുകൊടുക്കും (ലൂക്കൊസ് 18:9–14). ഒരു യജമാനൻ തനിക്ക് ഒരാൾ തന്നുതീർക്കുവാനുള്ള വലിയ കടം ഇളച്ചുകൊടുത്തു, എന്നാൽ ആ ദാസന് മറ്റൊരാൾ കൊടുത്തുതീർക്കുവാനുള്ള ഒരു ചെറിയ കടം ഇളച്ചുകൊടുക്കാതെ അതു കൊടുത്തുതീർക്കുവാൻ നിർബ്ബന്ധിക്കുന്നതിനെ സംബന്ധിച്ച് യേശു ഒരു ഉപമ പഠിപ്പിക്കുന്നുണ്ട് (ലൂക്കൊസ് 18:21–35). അതുപോലെ, നാം മറ്റുള്ളവരോട് ക്ഷമിച്ചാൽ മാത്രമെ നമുക്കും ക്ഷമ പ്രതീക്ഷിക്കാവു.

നാം "പ്രാർത്ഥിച്ചിട്ട് മനസുരുകേണ്ട ആവശ്യമില്ല" എന്ന വലിയ ഒരു പാഠം യേശു പഠിപ്പിക്കുന്നുണ്ട്. അതു ചിത്രീകരിക്കുവാനായി, അനീതിയുള്ള ഒരു യജമാനന്റെ അടുക്കൽ ചെന്ന് ഒരു വിധവ ഇടവിടാതെ അവനെ അസഹ്യപ്പെടുത്തിയതുകൊണ്ട് അവൾക്ക് സഹായം ലഭിച്ചതായി ഒരു ഉപമ പഠിപ്പിക്കുന്നു (ലൂക്കൊസ് 18:1–8).

ആസന്നമായ മരണം നിമിത്തം അഗാധ ദുഃഖത്തിലാഴ്ന്ന യേശു ശിഷ്യ

ന്മാരോട് ഉണർന്നിരുന്നു പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു (മത്തായി 26:41). അപ്പോഴത്തെ അവരുടെ സാഹചര്യമനുസരിച്ച് പ്രാർത്ഥന വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു, എന്നാൽ അതു മാത്രം പോരായിരുന്നു; അവർ ഉണർന്നിരിക്കയും വേണമായിരുന്നു. പ്രാർത്ഥന നമ്മെ “അന്വേഷിപ്പിൻ,” “മുട്ടുവിൻ” എന്നീ ഉത്തരവാദിത്തങ്ങളിൽനിന്നു മാറ്റി നിർത്തുന്നില്ല (മത്തായി 7:7, 8). ജ്ഞാനത്തിനു വേണ്ടി അപേക്ഷിപ്പാൻ നമ്മോട് പറഞ്ഞിരിക്കുന്നുവെങ്കിലും (യാക്കൊബ് 1:5), ജ്ഞാനം ലഭിക്കേണ്ടതിന് നമ്മുടെ ഭാഗത്തുനിന്ന് ചെയ്യേണ്ടത് നാം ചെയ്യണം (സദൃശവാക്യങ്ങൾ 4:5, 7; 23:23), അത് കണ്ടെത്തുവാൻ നല്ല ആലോചന അന്വേഷിക്കണം (സദൃശവാക്യങ്ങൾ 13:10). നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ നമുക്ക് കഴിയുന്നതു ചെയ്തുകൊണ്ട്, കഴിയാത്തതിന് ദൈവത്തിൽ ആശ്രയിക്കയും വേണം. ഒരു പഴയ ചൊല്ലിൽ ആ ആശയം കാണാം: “ഉത്തരം മുഴുവൻ നിങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നപോലെ പ്രാർത്ഥിക്കുക, ഉത്തരം പൂർണ്ണമായും നിങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്ന വിധത്തിൽ പ്രവർത്തിക്കുക.”

## ആരംഭ സഭയുടെ പ്രാർത്ഥനകൾ

പ്രവൃത്തികളുടെ പുസ്തകമനുസരിച്ച്, ആദ്യ സഭയുടെ അവിഭാജ്യ പ്രവൃത്തികളിൽ ഒന്നായിരുന്നു പ്രാർത്ഥന. അംഗങ്ങൾ ഒറ്റക്കും കൂട്ടായും പ്രാർത്ഥിച്ചിരുന്നു. ദൈവത്തിലുള്ള അവരുടെ ആശ്രയവും, അവനോടുള്ള ആവശ്യങ്ങളും അവൻ കൈക്കൊണ്ട്, അവരെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. ഇടവിടാതെയുള്ള ആദ്യക്രിസ്ത്യാനികളുടെ പ്രാർത്ഥനയായിരിക്കാം അന്ന് സഭ പെട്ടെന്ന് വളരുവാനുള്ള കാരണങ്ങളിൽ ഒന്ന്. താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ ലൂക്കൊസ് പ്രവൃത്തികളുടെ പുസ്തകത്തിൽ വിവരിക്കുന്നു:

1. പുതുതായി ജനിച്ച സഭ പ്രാർത്ഥന കഴിച്ചുപോന്നു (പ്രവൃത്തികൾ 2:42).
2. പത്രൊസിനോടും യോഹന്നാനോടും യേശുവിന്റെ നാമത്തിൽ സംസാരിക്കരുത് എന്ന് വിലക്കിയപ്പോൾ അവർ ശിഷ്യന്മാരുടെ അടുക്കലേക്ക് പോയി. ഇടവക ദൈവത്തെ നോക്കി പ്രാർത്ഥിച്ചു (പ്രവൃത്തികൾ 4:24–31).
3. മറ്റുള്ളവർക്ക് ധർമ്മം കൊടുക്കുന്ന ഉത്തരവാദിത്തം അപ്പൊസ്തലന്മാർ മറ്റുള്ളവർക്ക് കൊടുത്തു, അങ്ങനെ അവർക്ക് വചനശുശ്രൂഷക്കും പ്രാർത്ഥനക്കുമായി ഉറ്റിരിപ്പാനും കഴിഞ്ഞു (പ്രവൃത്തികൾ 6:4).
4. വിധവമാരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ഏഴു പേരെ തിരഞ്ഞെടുക്കുന്നതിനു മുൻപ് അപ്പൊസ്തലന്മാർ പ്രാർത്ഥിക്കുന്നു (പ്രവൃത്തികൾ 6:6).
5. തന്നെ ആളുകൾ കല്ലെറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചപ്പോൾ സ്തെഫാനൊസ് യേശുവിനോട് പ്രാർത്ഥിച്ചു (പ്രവൃത്തികൾ 7:59, 60).
6. ശമര്യയിലുള്ള ക്രിസ്ത്യാനികൾക്ക് പരിശുദ്ധാത്മാവ് ലഭിക്കുവാൻ പത്രൊസും യോഹന്നാനും അവരുടെ മേൽ കൈവെച്ചു പ്രാർത്ഥിച്ചു (പ്രവൃത്തികൾ 8:15).
7. ക്ഷമിച്ചു കിട്ടേണ്ടതിന് പ്രാർത്ഥിപ്പാൻ ശിമോനോട് പറഞ്ഞു (പ്രവൃത്തികൾ 8:22) അവനു വേണ്ടി പ്രാർത്ഥിക്കുവാൻ പത്രൊസിനോടും യോഹന്നാനോടും പറയുകയും ചെയ്തു (പ്രവൃത്തികൾ 8:24).
8. തബീഥയെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നതിനു മുൻപ്

പത്രൊസ് പ്രാർത്ഥിക്കയുണ്ടായി (പ്രവൃത്തികൾ 9:40).

9. യോപ്പയിൽ, ഭക്ഷണത്തിനായി കാത്തിരുന്നപ്പോൾ, പത്രൊസ് മാളിക മുറിയിൽ പ്രാർത്ഥിച്ചു (പ്രവൃത്തികൾ 10:9; 11:5).

10. പത്രൊസ് തടവിലായിരുന്നപ്പോൾ, സഭ അവനു വേണ്ടി പ്രാർത്ഥിച്ചു (പ്രവൃത്തികൾ 12:5, 12).

11. പൗലൊസിനേയും ബർന്നബാസിനേയും ആദ്യ മിഷ്ണറി യാത്രക്ക് അയക്കുന്നതിനു മുൻപ് പ്രാർത്ഥനകൾ നടത്തി (പ്രവൃത്തികൾ 13:3).

12. മൂപ്പന്മാരെ നിയമിക്കുന്നതിനു മുൻപ് പൗലൊസും ബർന്നബാസും പ്രാർത്ഥിച്ചു (പ്രവൃത്തികൾ 14:23).

13. ഫിലിപ്പിയയിലെ തടവിൽവെച്ച് അർദ്ധരാത്രിയിൽ പൗലൊസും ശിലാസും പ്രാർത്ഥിച്ചു (പ്രവൃത്തികൾ 16:25).

14. പൗലൊസ് എഫെസൊസിലെ മൂപ്പന്മാരോട് യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ മുട്ടുകുത്തി പ്രാർത്ഥിച്ചു (പ്രവൃത്തികൾ 20:36).

15. പൗലൊസ് സോർ വിട്ടുപോയപ്പോൾ കടൽക്കരയിൽ വെച്ച് പ്രാർത്ഥിച്ചു (പ്രവൃത്തികൾ 21:5).

16. തന്നെ ശുദ്ധീകരിപ്പാനായി പൗലൊസ് ദൈവാലയത്തിൽ ചെന്നപ്പോൾ, അവൻ പ്രാർത്ഥിച്ചു (പ്രവൃത്തികൾ 22:17).

17. പുബ്ലിയോസിന്റെ അപ്പനെ പൗലൊസ് സൗഖ്യമാക്കുന്നതിനു മുൻപ് അവൻ പ്രാർത്ഥിച്ചു (പ്രവൃത്തികൾ 28:8).

**പ്രാർത്ഥനയെ കുറിച്ചുള്ള പൗലൊസിന്റെ ഉപദേശം**

പൗലൊസ് പലപ്പോഴും പ്രാർത്ഥിച്ചിരുന്നതായി നമുക്ക് പ്രവൃത്തികളുടെ പുസ്തകത്തിൽനിന്നു മനസിലാക്കുവാൻ കഴിയും. അവൻ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്നു എന്ന ഉൾക്കാഴ്ച്ച അവന്റെ ലേഖനത്തിൽനിന്നു നമുക്ക് ലഭിക്കും.[2] മറ്റുള്ളവരും പൗലൊസിനു വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്.[3]

“ഇടവിടാതെ പ്രാർത്ഥിക്കുവാൻ പൗലൊസ് ക്രിസ്ത്യാനികളെ” പ്രബോധിപ്പിക്കയുണ്ടായി (1 തെസലൊനിക്യർ 5:17), “പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ എന്നും പറഞ്ഞു” (റോമർ 12:12; കൂടാതെ കൊലൊസ്യർ 4:2). നമ്മുടെ പ്രാർത്ഥനകൾ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും (റോമർ 15:5, 6), ദൈവത്തെ സ്തുതിക്കുന്നതിനും (എഫെസ്യർ 1:6, 12), നന്ദി പ്രകാശിപ്പിക്കുന്നതിനുമാണ് (ഫിലിപ്പിയർ 1:3; കൊലൊസ്യർ 1:3), യാചന അർപ്പിക്കുന്നതിനും (1 തിമൊഥെയൊസ് 2:1) അവനെ പുകഴ്ത്തുന്നതിനുമാണ് (1 പത്രൊസ് 1:3, 4).

വിചാരപ്പെടാതെ അവരുടെ ചിന്താകുലങ്ങളെല്ലാം ദൈവത്തോട് അറിയിക്കുവാനാണ് പൗലൊസ് ഫിലിപ്പിയയിലുള്ള ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചത് (ഫിലിപ്പിയർ 4:6). അധികാരികൾക്കും രാജാക്കന്മാർക്കും വേണ്ടി പ്രാർത്ഥിപ്പാനാണ് പൗലൊസ് പറഞ്ഞത് (1 തിമൊഥെയൊസ് 2:1, 2).

ഇടവകയിലെ പുരുഷന്മാരാണ് പരസ്യപ്രാർത്ഥന നയിക്കേണ്ടത്. “എല്ലായിടത്തും പുരുഷന്മാർ പ്രാർത്ഥിക്കേണം” എന്നാണ് പൗലൊസ് പറഞ്ഞത് (1 തിമൊഥെയൊസ് 2:8). *ആന്ദ്രോസ്* എന്ന ഗ്രീക്ക് വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം, പ്രായപൂർത്തിയായ പുരുഷൻ, ഒരു പുരുഷൻ എന്നാണ് (മത്തായി 15:38; മർക്കൊസ് 6:20). സന്ദർഭം അങ്ങനെ സൂചിപ്പിക്കുമ്പോൾ അത് ഭർത്താവാണ് എന്നു വ്യക്തം (മത്തായി 1:16; മർക്കൊസ് 10:12).

"പുരുഷന്മാർ" "എല്ലാടത്തും" പ്രാർത്ഥിക്കട്ടെ (ഗ്രീക്ക്.: *എൻ പാന്റി ടോപോ*), അർത്ഥം, ക്രിസ്ത്യാനികൾ കൂടിവരുന്ന സ്ഥലത്തൊക്കെയും എന്നാണ്. സ്ഥലവുമായുള്ള ബന്ധത്തിൽ "എല്ലാ" എന്ന വാക്ക് ഉപയോഗിക്കുമ്പോൾ, അത് സഭ കൂടിവരുന്ന "സ്ഥാനത്ത്" ഒക്കെയും എന്നാണ് അർത്ഥം (1 കൊരിന്ത്യർ 1:2; 2 കൊരിന്ത്യർ 2:14; 1 തെസലൊനിക്യർ 1:8). ആ വേദഭാഗങ്ങളിൽ ചിലതിന് "ലോകം മുഴുവനുമുള്ള എല്ലാ സ്ഥലത്തും" എന്ന അർത്ഥമുണ്ട്. "സ്ഥലം" എന്നു മാത്രം പറയുന്നത് ചിലപ്പോൾ കൂടിവരുന്ന സ്ഥലം എന്നാണ് അർത്ഥമാക്കുന്നത്, ഉദാഹരണമായി ദൈവാലയം (മത്തായി 24:15; യോഹന്നാൻ 4:20; 11:48; പ്രവൃത്തികൾ 6:13; 21:28).

പരസ്യ സഭായോഗങ്ങളിൽ ഇടവകയെ നയിച്ചിരുന്നതു പുരുഷന്മാരായിരുന്നു. സ്ത്രീകൾ സഭയെ സംബോധന ചെയ്യാതെ സഭയിൽ മിണ്ടാതെയിരിക്കണമായിരുന്നു (1 കൊരിന്ത്യർ 14:34, 35). അവർ ശാന്തമായി പഠിക്കുകയും, പുരുഷന്റെ മേൽ കർത്തൃത്വം നടത്തുകയോ ആധിപത്യം നടത്തുകയോ ചെയ്യാൻ പാടില്ലായിരുന്നു. സ്ത്രീകൾ കീഴ്പ്പെട്ടിരിക്കണമായിരുന്നു (1 തിമൊഥെയൊസ് 2:11, 12).

ആചാര പരിശീലനങ്ങളുടെ അടിസ്ഥാനത്തിലായിരുന്നില്ല ആ നിർദ്ദേശങ്ങൾ. ഏ. ഡി. ഒന്നാം നൂറ്റാണ്ടിൽ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർക്കിടയിലെ സ്ത്രീകൾ മതപരമായ ശുശ്രൂഷകൾ നയിച്ചിരുന്നു, അതിനു വിപരീതമായി ക്രിസ്തീയ സ്ത്രീകൾ സഭായോഗങ്ങളെ നയിക്കുന്ന പങ്ക് എടുക്കരുതായിരുന്നു. അത് ദൈവത്തിന്റെ സൃഷ്ടിതി ക്രമപ്രകാരവും ആദ്യം ഏദെൻ തോട്ടത്തിൽ വെച്ച് സ്ത്രീ പാപം ചെയ്തതും നിമിത്തമായിരുന്നു (1 കൊരിന്ത്യർ 11:3, 8, 9; 14:34). അത് ഏദെൻ തോട്ടത്തിൽ വെച്ച് നിയമം ലംഘിച്ചതിന് സ്ത്രീക്ക് കൊടുത്ത പിഴ ആയിരിക്കാം: "നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടായിരിക്കും, അവൻ നിന്നെ ഭരിക്കും" (ഉൽപത്തി 3:16; 1 തിമൊഥെയൊസ് 2:13, 14 നോക്കുക).

ദൈവത്തിന്റെ ക്രമത്തെ ബഹുമാനിക്കുന്ന സ്ത്രീപുരുഷന്മാർ, പ്രാർത്ഥന നയിക്കുവാനും, ഉപദേശിപ്പാനും, ഇടവകയെ സംബോധന ചെയ്യുവാനും, സഭാശുശ്രൂഷകൾ നയിക്കുവാനും പുരുഷന്മാരെ എൽപിക്കും, ദൈവഭക്തിയുള്ള സ്ത്രീകൾ കീഴ്പ്പെട്ടിരിക്കും.

## പ്രാർത്ഥനക്കുള്ള നിർദ്ദേശങ്ങൾ

പ്രാർത്ഥിക്കുന്ന ആളുടെ ശാരീരിക സ്ഥിതി പ്രധാനപ്പെട്ടതാണെന്ന് ചില ആളുകൾ വിചാരിക്കുന്നു. യേശു ഒരു ഉപമയിൽ സൂചിപ്പിച്ച പരീശൻ പ്രാർത്ഥിച്ചത് നിന്നുകൊണ്ടായതുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ നിൽക്കുന്നതു ശരിയല്ല എന്ന് ചിലർ കരുതുന്നു (ലൂക്കൊസ് 18:11). അനുതപിച്ച് നീതീകരിക്കപ്പെട്ടവനായി പോയ ചുങ്കക്കാരനും പ്രാർത്ഥിച്ചത് നിന്നുകൊണ്ടായിരുന്നു എന്ന കാര്യം അവർ കാണാതെ പോകയാണ് (18:13; കൂടാതെ മർക്കൊസ് 11:25). ശരീരം വിവിധ സ്ഥിതിയിൽ ആക്കി പ്രാർത്ഥിച്ചിട്ടുണ്ട്, യേശു, സ്തെഫാനൊസ്, പത്രൊസ് എന്നിവർ മുട്ടുകുത്തി പ്രാർത്ഥിച്ചിട്ടുണ്ട് (ലൂക്കൊസ് 22:41; പ്രവൃത്തികൾ 7:60; 9:40). യേശു വീണു മുഖം കുനിച്ചു പ്രാർത്ഥിച്ചിട്ടുണ്ട് (മത്തായി 26:39; കൂടാതെ മർക്കൊസ് 14:35). ശരീരത്തിന്റെ സ്ഥിതിയല്ല, ഹൃദയത്തിന്റെ അവസ്ഥയാണ് ദൈവം നോക്കുന്നത്.

"വേണ്ടതുപോലെ പ്രാർത്ഥിക്കുവാൻ നമുക്ക് അറിയില്ല ..." എന്നു പൗ

ലൊസ് സമ്മതിച്ചിരിക്കുന്നു (റോമർ 8:26). നമുക്ക് പ്രകടിപ്പിക്കുവാൻ പ്രയാസമുള്ളവ പരിശുദ്ധാത്മാവ് നമുക്ക് വേണ്ടി ദൈവത്തോട് അവതരിപ്പിക്കും.

## പ്രാർത്ഥന ഒരു പകരമല്ല

പലപ്പോഴും നമ്മുടെ ഉത്തരവാദിത്തം ചെയ്യുവാൻ നാം ദൈവത്തോട് അപേക്ഷിച്ചിട്ടുണ്ട്. നമുക്ക് വേണ്ടി എല്ലാം ചെയ്യാമെന്നോ, അല്ലെങ്കിൽ നമുക്ക് നേരിടാനിടയുള്ള എല്ലാ പരാജയങ്ങളിൽനിന്നും, വിപത്തുകളിൽനിന്നും നമ്മെ രക്ഷിക്കാമെന്നും അവൻ വാഗ്ദനം ചെയ്തിട്ടില്ല. ചിലപ്പോൾ തുടർച്ചയായ അനുഗ്രഹങ്ങളേക്കാൾ, ജീവിതത്തിലെ പ്രശ്നങ്ങൾ വിലയുള്ളതായിരിക്കും (എബ്രായർ 12:3–11; യാക്കൊബ് 1:2–4). സങ്കീർത്തനങ്ങൾ 119–ൽ ദാവീദ് എഴുതി,

> കഷ്ടതയിൽ ആകുന്നതിനു മുൻപ് ഞാൻ തെറ്റിപ്പോയി,
> ഇപ്പോഴോ ഞാൻ നിന്റെ വചനം പ്രമാണിക്കുന്നു (വാക്യം. 67).
>
> നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ,
> ആയിരുന്നത് എനിക്ക് ഗുണമായി (വാക്യം. 71).

നാം നമുക്ക് വേണ്ടി ചെയ്യുന്ന കാര്യങ്ങൾക്ക് പകരമല്ല പ്രാർത്ഥന, അല്ലെങ്കിൽ നാം ദൈവേഷ്ടം ചെയ്യുന്നതിനു പകരമല്ല.

1. നാം തന്നെ നമ്മെ ഉപദ്രവകരമായ വഴിയിൽ എറിഞ്ഞുകൊടുത്തിട്ട് രക്ഷിക്കേണമെന്ന് പ്രാർത്ഥിക്കുന്നതിലർത്ഥമില്ല. ദൈവാലയത്തിന്റെ ഗോപുരത്തിൽനിന്നു ചാടുവാൻ സാത്താൻ യേശുവിനോട് പറഞ്ഞപ്പോൾ അവന്റെ പ്രതികരണം, “നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്” എന്നും എഴുതിയിരിക്കുന്നു എന്നായിരുന്നു (മത്തായി 4:7).

2. പ്രാർത്ഥന അനുസരണത്തിന് പകരമല്ല. അവന്റെ കൽപനകൾ അനുസരിക്കുകയും അവന് പ്രസാദകരമായതു ചെയ്യുകയും ചെയ്യുന്നവരെയാണ് ദൈവം അനുഗ്രഹിക്കുന്നത് (1 യോഹന്നാൻ 3:22).

3. അ–ക്രൈസ്തവരായ, പാപത്തിൽ നഷ്ടപ്പെട്ട്, രക്ഷിക്കപ്പെടാത്തവർ പ്രാർത്ഥിച്ചാൽ അവരുടെ പാപങ്ങൾ ക്ഷമിക്കുകയില്ല. യേശു അനുസരണം ആവശ്യപ്പെടുന്നു (എബ്രായർ 5:9; കൂടാതെ ഫിലിപ്പിയർ 2:12 നോക്കുക). ദൈവമക്കളായി തീർന്നവരോടാണ് അവരുടെ പാപങ്ങൾ ക്ഷമിക്കേണ്ടതിന് പ്രാർത്ഥിക്കുവാൻ പറഞ്ഞിരിക്കുന്നത് (പ്രവൃത്തികൾ 8:22).

4. പ്രാർത്ഥന വൈദ്യസഹായത്തിനു പകരമല്ല. തിമൊഥെയൊസിനോട് സൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ പൗലൊസ് പറഞ്ഞില്ല. കൂടെ കൂടെയുള്ള അവന്റെ അജീർണ്ണം മാറുവാൻ വെള്ളം മാത്രം കുടിക്കാതെ അൽപം വീഞ്ഞു കൂടെ കുടിക്ക എന്നാണ് പറഞ്ഞത് (1 തിമൊഥെയൊസ് 5:23). സൗഖ്യത്തിന് തന്നാൽ കഴിയുന്നത് തിമൊഥെയൊസ് ചെയ്യേണ്ടിയിരുന്നു. രോഗസൗഖ്യത്തിന് നമ്മോട് പ്രാർത്ഥിക്കുവാൻ പറഞ്ഞിട്ടുണ്ട് (യാക്കൊബ് 5:14–16), അതിനർത്ഥം നാം ചെയ്യേണ്ടത് ചെയ്യണ്ട എന്നല്ല. തീർച്ചയായും, സൗഖ്യത്തിന് ആവശ്യമായ പല വസ്തുക്കളും ദൈവം ഭൂമിയിൽ വെച്ചിട്ടുണ്ട്. നമുക്ക് ചെയ്യുവാൻ കഴിയുന്നത് നാം ചെയ്യണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു.

ഡോക്ടർമാരെ ഉപയോഗിക്കുന്നതിന് യേശു എതിരല്ല. അവൻ പറഞ്ഞു,

“ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല” (മത്തായി 9:12; മർക്കൊസ് 2:17; ലൂക്കൊസ് 5:31).

ബൈബിളിൽ അത്ഭുതം ചെയ്യുവാൻ കഴിവുണ്ടായിരുന്നവർ അത് ചെയ്തതു വെറും പ്രാർത്ഥനയാലായിരുന്നില്ല. സൗഖ്യമാക്കുവാനുള്ള അധികാരം യേശു അവർക്ക് നൽകിയിരുന്നു (മത്തായി 10:1). അത്ഭുതവരങ്ങൾ ഉപയോഗിക്കുന്നതിന് അവർക്ക് വിശ്വാസവും ചിലപ്പോൾ പ്രാർത്ഥനയും ആവശ്യമായിരുന്നു (മത്തായി 17:20, 21). ബൈബിളിലെ ഒരു അത്ഭുതവും വെറും പ്രാർത്ഥനയാലോ വെറും വിശ്വാസത്താലോ മാത്രം നടത്തിയിട്ടില്ല. ഒരു വ്യക്തിക്ക് അതിന് അധികാരം ലഭിക്കണം, അത്ഭുതം ചെയ്യുന്നതിന് അയാൾക്ക് വിശ്വാസം ഉണ്ടായിരിക്കണം. പത്രൊസിന് വെള്ളത്തിന്മേൽ നടക്കുവാൻ അധികാരം ലഭിച്ചു, എന്നാൽ അവന് വിശ്വാസം കുറഞ്ഞപ്പെൾ, അവൻ മുങ്ങുവാൻ തുടങ്ങി (മത്തായി 14:31). അപ്പൊസ്തലന്മാർക്ക് ഭൂതങ്ങളെ പുറത്താക്കുവാൻ യേശു അധികാരം കൊടുത്തതിനാൽ അവർക്ക് അതുചെയ്യുവാൻ കഴിഞ്ഞു, പക്ഷെ ഒരിക്കൽ അവർക്ക് കഴിഞ്ഞതുമില്ല (മത്തായി 10:1; മർക്കൊസ് 3:15; 6:13). അവർ പരാജയപ്പെട്ടത് ശക്തിയുടെ അഭാവം നിമിത്തമായിരുന്നില്ല, വിശ്വാസത്തിന്റെ അഭാവമായിരുന്നു (മത്തായി 17:20).

5. പ്രാർത്ഥന പ്രവൃത്തിക്ക് പകരമല്ല. അന്നന്നു വേണ്ട ആഹാരത്തിനായി നാം പ്രാർത്ഥിക്കണം (മത്തായി 6:11), എന്നാൽ അത് ലഭിക്കേണ്ടതിന് നാം ഒന്നും ചെയ്യേണ്ട എന്ന് അർത്ഥം വരുന്നില്ല. മറ്റുള്ളവർക്ക്, മുട്ടുള്ളവന്നു ദാനം ചെയ്യുവാനുണ്ടാകേണ്ടതിന് നാം അദ്ധ്വാനിക്കണം എന്നാണ് പൗലൊസ് പറഞ്ഞത് (എഫെസ്യർ 4:28). വേല ചെയ്യുവാൻ മനസില്ലാത്തവർക്ക് തിന്നുവാനും അനുവാദമില്ല (2 തെസലൊനിക്യർ 3:10). ലഭിക്കേണ്ടതിന് ചോദിച്ചാൽ മാത്രം മതി എന്ന് യേശു ഒരിക്കലും പഠിപ്പിച്ചില്ല. ചോദിക്കുന്നതോടുകൂടി യേശു പറഞ്ഞു, “യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് ലഭിക്കും, മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കപ്പെടും” (മത്തായി 7:7). നമ്മുടെ പ്രാർത്ഥനയോടുകൂടി, നമ്മുടെ ഭാഗം ചെയ്യുവാനും ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു – യാചിക്കുകയും, മുട്ടുകയും ചെയ്യുക.

ന്യുജെഴ്സിയിലെ ഒരു സ്ത്രീക്ക് ജോലി നഷ്ടമായി. അവൾ മറ്റൊരു ജോലിക്ക് ശ്രമിക്കുകയോ അപേക്ഷിക്കുകയോ ചെയ്തില്ല. അങ്ങനെ ചെയ്താൽ അവൾക്ക് ലഭിക്കുന്ന പുതിയ ജോലി, ദൈവം തിരഞ്ഞെടുക്കുന്നതായിരിക്കയില്ല, അവൾ തിരഞ്ഞെടുക്കുന്നതായിരിക്കും എന്ന് അവൾ കരുതി. ഒരു വർഷം കഴിഞ്ഞിട്ടും, അവൾ ജോലിയില്ലാതെ തന്നെ നിന്നു. അവൾ യേശുവിന്റെ നിർദ്ദേശം ആയ “യാചിക്കുകയും” “മുട്ടുകയും ചെയ്യുക” എന്നത് പാലിച്ചില്ല.

## പ്രാർത്ഥനക്കുള്ള ഉത്തരങ്ങൾ

പ്രാർത്ഥനക്ക് ദൈവം എങ്ങനെ ഉത്തരം നൽകുമെന്ന് നമുക്ക് അറിയുവാൻ സാധ്യമല്ല. പൗലൊസ് റോം സന്ദർശിക്കുവാൻ ആഗ്രഹിച്ചിരുന്നു (പ്രവൃത്തികൾ 19:21). അവിടെ ചെന്ന് ക്രിസ്ത്യാനികളോടും അ-ക്രൈസ്തവരോടും സുവിശേഷത്തിന്റെ അനുഗ്രഹങ്ങൾ പങ്കു വെക്കുവാൻ ആഗ്രഹിച്ച് പോകുവാൻ അനുവാദത്തിനായി ദൈവത്തോട് അപേക്ഷിച്ചു (റോമർ 1:10–14). അവനെ റോമിലേക്ക് അയക്കുവാൻ ഫിലിപ്പൊസിനെ ഷണ്ഡന്റെ അടുക്കലേക്ക് അയക്കുവാൻ ആത്മാവിനെ ദൈവം ഉപയോഗിച്ചതുപോലെ

ഉപയോഗിച്ചില്ല (പ്രവൃത്തികൾ 8:39, 40). പകരം പൗലൊസിനെ റോമിലേക്ക് സൗജന്യമായി എത്തിക്കുവാൻ റോമാ ഗവൺമെന്റിനെ ദൈവം ഉപയോഗിച്ചു (പ്രവൃത്തികൾ 27; 28).

ദൈവം എങ്ങനെ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുമെന്ന് കണ്ടെത്തുക എന്നത് നമ്മുടെ ഉത്തരവാദിത്തമല്ല. നാം ചോദിക്കുക, ദൈവം തന്റെ അനേകവഴികളിൽ ഒന്നിൽ കൂടെ നമുക്ക് ഉത്തരമരുളുമെന്ന് നാം വിശ്വസിക്കുക. അവന് അത് നമ്മെയോ, മറ്റുള്ളവരെയോ, അതല്ലെങ്കിൽ മറ്റു വഴിയിൽ കൂടെയോ ഉത്തരം നൽകുവാൻ കഴിയും.

ചിലപ്പോൾ, നമ്മുടെ പ്രാർത്ഥനകൾക്ക് ക്രിയാത്മകമായ ഉത്തരം നൽകുന്നതിന് നാം തന്നെ തടസമായി തീർന്നേക്കാം. അന്വേഷിക്കുക, മുട്ടുക, കാത്തിരിക്കുക എന്നീ കാര്യങ്ങൾ ചെയ്യാതെ നാം നമ്മുടെ പ്രാർത്ഥനകൾക്ക് തടസമായി തീരുന്നു (മത്തായി 7:7, 8; 26:41); സംശയത്താലും തടസപ്പെടുത്തിയേക്കാം (യാക്കൊബ് 1:6, 7); ചോദിക്കുവാൻ പരാജയപ്പെടുന്നതിനാലും ലഭിക്കുകയില്ല (യാക്കൊബ് 4:2); തെറ്റായ ഉദ്ദേശത്താലും ലഭിക്കാതെ വരും (യാക്കൊബ് 4:3); അല്ലെങ്കിൽ തെറ്റായി ജീവിച്ചാലും ലഭിക്കുകയില്ല (1 പത്രൊസ് 3:7, 12).

ദൈവം എല്ലാ പ്രാർത്ഥനകൾക്കും മറുപടി നൽകും; പല രീതികളിലാണ് അവൻ ഉത്തരം നൽകുന്നത്. "ഉവ്വ്" എന്ന് പറഞ്ഞ് ഉടനെ ആവശ്യം നിറവേറ്റും (യാക്കൊബ് 5:17, 18). മറ്റൊരു ഉത്തരം, "കുറച്ചു കാത്തിരിക്കുക" എന്നായിരിക്കും. ആ ആവശ്യം നിറവേറ്റുവാനായ ശരിയായ സമയത്തിനായി ദൈവം കാത്തിരിക്കും (1 ശമുവേൽ 1:7-17). ദൈവം ബുദ്ധിമാനായതുകൊണ്ട് പലപ്പോഴും അവൻ "ഇല്ല" എന്നു പറയും (2 കൊരിന്ത്യർ 12:7-9). മത്തായി 26:39 ലെ യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടു (എബ്രായർ 5:7 നോക്കുക), എന്നാൽ അവൻ തന്റെ പുത്രന്റെ ആവശ്യം അനുവദിച്ചില്ല. യേശു ക്രൂശിൽ മരിക്കേണ്ടിയിരുന്നു. ഏറ്റവും നല്ലതാണ് ദൈവം നമുക്ക് നൽകുന്നത്.

### സംക്ഷിപ്തം

പ്രാർത്ഥനക്ക് ഉത്തരം നൽകുവാനുള്ള ശക്തി നമ്മുടെ പ്രാർത്ഥനയിലല്ല, പിന്നെയോ ദൈവത്തിലാണ്. നാം പ്രാർത്ഥനയുമായി ദൈവസന്നിധിയിലെത്തുമ്പോൾ, പ്രപഞ്ചത്തിലെ ഏറ്റവും വലിയ ശക്തിയിലാണ് നാം ആശ്രയിക്കുന്നത്. നാം അവന്റെ ഇഷ്ടം ചെയ്ത് അവനോട് സഹായത്തിനായി അപേക്ഷിക്കുമ്പോൾ നാം ആ വലിയ ശക്തിയുമായി ബന്ധപ്പെടുന്നു. നമ്മുടെ "ആവശ്യങ്ങളുടെ" ഒരു ലിസ്റ്റ് ദൈവത്തിന് നൽകുന്നതു മാത്രമല്ല പ്രാർത്ഥന. പ്രാർത്ഥനയിൽ നാം ദൈവത്തിനു, നന്ദിയും, സ്തുതിയും, മഹത്വവും കരേറ്റണം.

നമ്മുടെ മാതൃക യേശുവാണ്. അവൻ ദൈവത്തോടു അടുത്തിരുന്നതുകൊണ്ടാണ് പ്രാർത്ഥിച്ചത്, അല്ലാതെ ദൈവവുമായുള്ള ബന്ധം വളർത്തിയെടുക്കേണ്ടതിനായിരുന്നില്ല. നമുക്ക് ദൈവത്തോടുള്ള അടുപ്പം നമ്മുടെ പ്രാർത്ഥനാ ജീവിതത്തിലും കാണാം. ദൈവത്തെ അറിയുവാനും അവനോടുകൂടി നടക്കുവാനും നാം ശ്രമിക്കണം. നമുക്ക് അവനോട് ശരിയായ ബന്ധം ഉണ്ടെങ്കിൽ, പലപ്പോഴും നാം അവനോട് ആശയവിനിമയം നടത്തുവാൻ ആഗ്രഹിക്കും.

കുറിപ്പുകൾ

[1]പീറ്റർ ടൂൺ, "പ്രെയർ," ഇൻ *ദ ന്യൂടെസ്റ്റമെന്റ് ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ,* എഡി. ജെ. ഡി. ഡഗ്ലസ് ആന്റ് മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: റീജെൻസി റെഫറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ലിഷിങ് കമ്പനി., 1987), 817. [2]റോമർ 1:10; 10:1, 2 കൊരിന്ത്യർ 13:7, 9; എഫെസ്യർ 1:16; ഫിലിപ്പിയർ 1:4, 9; കൊലൊസ്യർ 1:3, 9; 1 തെസലൊനികൃർ 1:2; 2 തെസലൊനികൃർ 1:11; 2 തിമൊഥെയൊസ് 1:3; ഫിലെമോൻ 4. [3]റോമർ 15:30; 2 കൊരിന്ത്യർ 1:11; ഫിലിപ്പിയർ 1:19; കൊലൊസ്യർ 4:3; 1 തെസലൊനികൃർ 5:25; 2 തെസലൊനികൃർ 3:1; എബ്രായർ 13:18.